Chief Minister (SHRI PANAMPILLI GOVINDA MENON):

(a)&(b) No statistics of the employment provided under the first Five Year Plan have been collected.

(c) An unemployment survey was conducted in the State towards the end of 1953 under the auspices of the Research Programmes Committee of the Planning Commission, Government of India. But the report of the survey has not yet been published. Some figures from the report on the Survey have, however, been made use of by Government in drawing up the II Five Year Plan.

(d) Government have no information.

റവന്യൂ പുറമ്പോക്കുഭൂമി.

* 836. [36] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിലുള്ള റവന്യൂ പുറംപോക്കുഭൂമിയുടെ വിസ്തീർണ്ണം എത്ര;

(ബി) ഈ ഭൂമി കൃഷി ചെയ്യുവാൻ ഭൂമിയില്ലാത്ത കർഷകർക്ക് പാട്ടത്തിനോ, പതിച്ചോ കൊടുക്കുവാൻ ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം?

(സി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ കൃഷ്ണൻകോട്ട എന്നറിയപ്പെടുന്ന കോട്ടകൃഷി ചെയ്യുന്നതിനുവേണ്ടി സാധുക്കളായ കർഷകർക്ക് പാട്ടത്തിന് കൊടുക്കേണ്ടതിനു വേണ്ട നടപടികൾ ഗവണ്മെൻറ് കൈക്കൊള്ളുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 92,48,52 ഏക്കർ, 21.166 സെൻറ്.

(ബി) ഭൂമി പതിച്ചുകൊടുക്കൽ നടപടി തൽക്കാലം നിറുത്തിവച്ചിരിക്കുകയാണെങ്കിലും, പൊതുആവശ്യത്തിനു വേണ്ടിവരുന്ന സ്ഥലമൊഴിച്ചു ബാക്കി പുറമ്പോക്കുഭൂമികൾ കുത്തകപ്പാട്ടമായും ഭൂമിയില്ലാത്ത കർഷകർക്കും മറ്റും കൊടുത്തുവരുന്നുണ്ട്. ക്ലേശമെന്നു ലാൻഡ് കാളനൈസേഷൻ പദ്ധതിയനുസരിച്ചും സാധുക്കൾക്ക് സർക്കാർവക ഭൂമികൾ പാട്ടമായും മറ്റും കൊടുത്തുവരുന്നുണ്ട്.

(സി) മുകുന്ദപുരം താലൂക്കിലെ കൃഷ്ണൻകോട്ട ചരിത്രപ്രധാനമായ നെടുംകോട്ടയുടെ ഒരു വിഭാഗമാണ്. അതു ഒരു പുരാതനവസ്തുവായി സംരക്ഷിക്കേണ്ട കാര്യം കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തിലിരിക്കുകയാണ്. അതിനാൽ കൃഷി ചെയ്യുന്നതിന് കൊടുക്കുവാൻവേണ്ടിയുള്ള നടപടികൾ ഇപ്പോൾ കൈക്കൊള്ളുവാൻ നിവൃത്തിയില്ല.

ആൻറി കറപ്ഷൻ ബില്ല്.

* 837. [40] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

സംസ്ഥാനത്തു പ്രത്യേകമായി ഒരു ആൻറി കറപ്ഷൻ ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

അഴിമതിനിരോധനം സംബന്ധിച്ചുള്ള ഒരു ബില്ല് നേരത്തേതന്നെ പരസ്യപ്പെടുത്തിക്കഴിഞ്ഞു. ഈ ബില്ലിനെപ്പറ്റി കേന്ദ്രഗവണ്മെൻറിന്റെ അഭിപ്രായം ആരായുകയും, ബില്ലിലുള്ള ചില വകുപ്പുകളെപ്പറ്റി വളരെ പ്രധാനമായ ചില നിർദ്ദേശങ്ങൾ കേന്ദ്രഗവണ്മെൻറ് നൽകുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

കാൺഗ്രസ്സ് പ്രസിഡൻറിന്റെ തിരുവിതാംകൂർ-കൊച്ചി പര്യടനം.

* 838. [44] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

കാൺഗ്രസ്സ് പ്രസിഡൻറ് ശ്രീ. യു. എൻ. ധേബാറിന്റെ തിരുവിതാംകൂർ–കൊച്ചി പര്യടനം പ്രമാണിച്ചു് സ്റ്റേറ്റ് ഗവണ്മെൻറിന് എന്തു തുക ചെലവായിട്ടുണ്ടു്; ഏതേതു് ഇനങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

കാൺഗ്രസ്സ് പ്രസിഡൻറ് ശ്രീ. യു. എൻ. ധേബാറിന്റെ തിരുവിതാംകൂർ-കൊച്ചി പര്യടനം പ്രമാണിച്ചു് ഈ ഗവണ്മെൻറിനു് യാതൊരു തുകയും ചെലവായിട്ടില്ല.

കാണിക്കാരുടെ സംരക്ഷണം.

* 839. [45] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ പ്രധാന ഗിരിവർഗ്ഗങ്ങളിലൊന്നായ കാണിക്കാരുടെ സംരക്ഷണത്തിനും ഉന്നമനത്തിനുംവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടു്;

(ബി) നെയ്യാറിൻകരതാലൂക്കിലുള്ള കാണിപ്പറമ്പുപ്രദേശങ്ങളിൽ കൃഷിക്കായി നാട്ടുകാർ പ്രവേശിച്ചതോടുകൂടി അവിടത്തെ ആദിമനിവാസികളായ കാണിക്കാർക്കു് അവരുടെ കൃഷിസ്ഥലംപോലും നഷ്ടപ്പെട്ടിട്ടുണ്ടോ;

(സി) കൃഷിസ്ഥലം നഷ്ടപ്പെട്ട അക്കൂട്ടരെ പുനരധിവേശം ചെയ്യിക്കാൻ ഗവണ്മെൻറ് ഉടനടി വേണ്ടതു ചെയ്യുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ടി. കൊച്ചുകുട്ടൻ):

(എ) * വിശദവിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഉണ്ടു്, ഒരു കാലത്തു് ടി കാണിപ്പറമ്പുപ്രദേശങ്ങളും മുഴുവനും കാണിക്കാരുടെ കൈവശത്തിലായിരുന്നു. നാട്ടുകാരുടെ പ്രവേശനംമൂലം ഇതിൽ ഒരു ഭാഗം നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിലും അവരുടെ ജീവിതാവശ്യത്തിനും മറ്റും ആവശ്യമുള്ള ഭൂമി ഇപ്പോഴും അവരുടെ കൈവശാനുഭവത്തിൽ ഉണ്ടു്.

(സി) മൻചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഇതു് ആവശ്യമെന്നു തോന്നുന്നില്ല.

*Please see Appendix XII.

LIBRARY ARCHIVES Kerala Legislative Assembly